പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2165 — 13.6.2019 ൽ മറുപടിയ്ക്ക്

# ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള പദ്ധതികൾ

ചോദ്യം — മറുപടി

ശ്രീ.കെ. ദാസൻ — കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) പൊതുവിദ്യാലയങ്ങളിലെ ഭിന്നശേഷിക്കാരായ കുട്ടികൾക്കായി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികളും പ്രവർത്തനങ്ങളും ഏതൊക്കെയെന്ന് വിശദമാക്കാമോ; | (എ) പൊതുവിദ്യാലയങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ, യൂണിഫോം എന്നിവയ്ക്കായുള്ള ധനസഹായ പദ്ധതിയായ വിദ്യാജ്യോതി, ഒന്നാം ക്ലാസ്സ് മുതൽ പ്രൊഫഷണൽ കോഴ്സുകൾക്കു വരെ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്കായുള്ള സ്കോളർഷിപ്പ് എന്നീ പദ്ധതികൾ സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്നു. |
| (ബി) ഇത്തരം കുട്ടികളുടെ രക്ഷിതാക്കൾക്ക് ബോധവൽക്കരണത്തിനും ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും സാമൂഹ്യനീതി വകുപ്പിനു കീഴിൽ പരിശീലനം നൽകിവരുന്നുണ്ടോ; | (ബി) ഉണ്ട്. |
| (സി) ഭിന്നശേഷിക്കാരായ കുട്ടികളുടെ രക്ഷിതാക്കൾക്കുള്ള പരിശീലനത്തിന് സർക്കാർ/ സർക്കാരിതര സംഘടനകൾ/ സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്ന് പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) കമ്മ്യൂണിറ്റി ഡിസെബിലിറ്റി മാനേജ്മെന്റ് ആന്റ് റീഹാബിലിറ്റേഷൻ പ്രോഗ്രാം( CDMRP) എന്ന പ്രോജക്ടിന്റെ ഭാഗമായി മാനസിക വൈകല്യം, സെറിബ്രൽ പാൾസി, ഓട്ടിസം, പഠന വൈകല്യം, ADHD(Attention Deficit Hyper Activity Disorder), ബഹുവിധ വൈകല്യം എന്നിവ ബാധിച്ചവരുടെ രക്ഷിതാക്കൾക്കുള്ള ട്രെയിനിംഗ് പ്രോഗ്രാം 2019-20 സാമ്പത്തിക വർഷവും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന NIMHANS മുഖേന നടപ്പിലാക്കുന്ന ഭിന്നശേഷിക്കാരുടെ സാമൂഹ്യാധിഷ്ഠിത സഹവാസം എന്ന പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിലെ ഭിന്നശേഷിക്കാരുടെ രക്ഷിതാക്കൾക്ക് പരിശീലനം നൽകി വരുന്നു. ഇതേ രീതിയിൽ രക്ഷിതാക്കൾക്കും |

| | |
|---|---|
| | അദ്ധ്യാപകർക്കും ബഡ്സ് സ്കൂൾ ടീച്ചേഴ്സിനും പരിശീലനം നൽകുന്നതിനുള്ള പദ്ധതി ആലോചനയിലുണ്ട്.<br>ഭിന്നശേഷിക്കാരായ കുട്ടികളുടെ പ്രത്യേകിച്ചും മാനസിക വൈകല്യങ്ങൾ ഉള്ള കുട്ടികളുടെ രക്ഷിതാക്കൾക്ക് പരിശീലനം നൽകുന്നതിനായി " പേരന്റൽ എംപവർമെന്റ് പ്രോഗ്രാം " എന്ന പേരിൽ ഒരു പരിശീലന പരിപാടി കേരള സാമൂഹ്യ സുരക്ഷാമിഷൻ ആരംഭിച്ചിട്ടുണ്ട്. ഈ പരിപാടി പൈലറ്റായി ഇപ്പോൾ മലപ്പുറം ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്. ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്.<br>സംസ്ഥാനമൊട്ടാകെയുള്ള സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികളുടെ രക്ഷിതാക്കൾക്ക് 2016 ലെ ഭിന്നശേഷിക്കാർക്കായുള്ള ദേശീയ നിയമത്തെക്കുറിച്ചും വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും ലഭിക്കേണ്ട സേവനങ്ങളെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും ഒരു പൊതു ബോധവൽക്കരണം നടത്തി വരുന്നു. അതിനു പുറമേ ഘട്ടം ഘട്ടമായി 'അമ്മ-കെയർ' എന്ന പേരിൽ സംസ്ഥാന വ്യാപകമായി ഈ വർഷം, ഗർഭിണികളായ അമ്മമാർക്ക് വൈകല്യം എങ്ങനെ തടയാം, നേരത്തെ എങ്ങനെ കണ്ടുപിടിക്കാം എന്ന കാഴ്ചപ്പാടിൽ ഒരു പദ്ധതിയും, രക്ഷിതാക്കൾക്ക് ഇത്തരം വൈകല്യമുള്ള കുട്ടികളുടെ പരിചരണം, കഴിവുകൾ കണ്ടെത്തൽ, പരിപോഷിപ്പിക്കൽ എന്നീ ലക്ഷ്യത്തോടു കൂടി 'അമ്മ-ടീച്ചർ' പദ്ധതിയും അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ് മുഖേന നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ